cmyk

**സാമ്പത്തികവളർച്ചയും വിതരണനീതിയും ഒരേസമയം ഉറപ്പുനൽകുന്ന സവിശേഷമായ ഒരു സാമ്പത്തികസംവിധാനം ഖുർആൻ സമർപ്പിച്ചിട്ടുണ്ട്. അത് ആധുനികസമ്പദ്വ്യവസ്ഥകളേക്കാൾ പല കാര്യങ്ങളിലും മേന്മ പുലർത്തുന്നതുമാണ്.**

# ഖുർആന്റെ സാമ്പത്തികവീക്ഷണം

ഡോ. പി. ഇബ്റാഹീം

ശാസനാ സോഷ്യലിസം (Command Socialism), കമ്പോള സോഷ്യലിസം (Market Socialism), മുതലാളിത്തം (Capitalism), മിശ്രസമ്പദ്വ്യവസ്ഥ (Mixed Economy) എന്നിവയാണ് സമ്പദ്വ്യവസ്ഥകളെ സംബന്ധിച്ച ചർച്ചകളിൽ സ്വാഭാവികമായും കടന്നുവരിക. മേൽപറഞ്ഞവയിൽ സോഷ്യലിസത്തിന്റെ രണ്ടു രീതികളും ഏതാണ്ട് പൂർണമായി അപ്രസക്തമായിക്കഴിഞ്ഞു. മിശ്രസാമ്പത്തികവ്യവസ്ഥ നേരത്തേ സ്വീകരിച്ച രാഷ്ട്രങ്ങൾ, പൊതുമേഖലയുടെ പങ്ക് പടിപടിയായി വെട്ടിക്കുറച്ച്, വ്യാപകമായ കമ്പോളവത്കരണത്തിലൂടെയും വമ്പിച്ച സ്വകാര്യവത്കരണത്തിലൂടെയും മുതലാളിത്തരാഷ്ട്രങ്ങളെ കടത്തിവെട്ടുന്ന രീതിയിലുള്ള ഘടനാപരമായ മാറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതേസമയം, മുതലാളിത്തരീതി വർഷങ്ങളായി പിന്തുടർന്ന രാജ്യങ്ങളിലും, അന്താരാഷ്ട്ര ഏജൻസികളുടെ സമ്മർദത്തെത്തുടർന്ന് മുതലാളിത്ത നയങ്ങൾ കൈക്കൊള്ളാൻ നിർബന്ധിതമായ മൂന്നാം ലോകരാജ്യങ്ങളിലും ദാരിദ്ര്യവും തൊഴിലില്ലായ്മയും മറ്റു സാമ്പത്തികാസമത്വങ്ങളും പൂർവാധികം വർധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. മാത്രമല്ല, ഈ നയങ്ങൾ പിന്തുടർന്ന പല രാജ്യങ്ങളിലും കേവല സാമ്പത്തികവളർച്ചപോലും മുരടിക്കുകയും സാമ്പത്തിക മാന്ദ്യം വ്യാപകമാവുകയും ചെയ്തു. സ്ഥായിയായ സാമ്പത്തികവളർച്ചയും സാമൂഹികനീതിയും ഒരേസമയം കൈവരിക്കാൻ ഈ സമ്പദ്വ്യവസ്ഥകൾ പ്രാപ്തമല്ലെന്ന ദുഃഖസത്യത്തിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഈ സാഹചര്യത്തിൽ വ്യക്തിസ്വാതന്ത്ര്യവും സാമൂഹിക പ്രതിബദ്ധതയും തമ്മിലും സ്വകാര്യസംരംഭകത്വവും ഗവൺമെന്റ് ഇടപെടലും തമ്മിലും കൂട്ടിയിണക്കുന്ന ഖുർആനിക സാമ്പത്തികസംവിധാനത്തെപ്പറ്റിയുള്ള ചർച്ചയ്ക്ക് ഏറെ പ്രസക്തിയുണ്ട്.

ഉൽപാദനവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങളുടെ പരിഹാരാർഥം സമൂഹം ഏർപ്പെടുത്തുന്ന വിവിധ സംവിധാനങ്ങളുടെ സമുച്ചയമായാണ് സമ്പദ്വ്യവസ്ഥയെ ധനശാസ്ത്രജ്ഞർ നിർവചിച്ചിട്ടുള്ളത്. ഒരു സമ്പദ്വ്യവസ്ഥയ്ക്ക് പ്രധാനമായും മൂന്നു ഘടകങ്ങളാ(Constituent elements)ണുള്ളത്:

1. സാമ്പത്തികദർശനം (Economic Philosophy): സമ്പത്തിനോടും സാമ്പത്തികവികസനത്തോടും സമൂഹം പുലർത്തുന്ന വീക്ഷണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2) സാമ്പത്തികതത്ത്വങ്ങൾ (Economic Principles): സമ്പത്തിന്റെ മേൽ വ്യക്തികൾക്കും സമൂഹത്തിനുമുള്ള ഉടമസ്ഥതയുടെ സ്വഭാവം, സാമ്പത്തികവ്യവഹാരങ്ങളിലെ അനുവദനീയവും നിഷിദ്ധവുമായ പരിധികൾ, വ്യക്തികളുടെ മേൽ ഏർപ്പെടുത്തുന്ന താത്ത്വികമായ വിധിവിലക്കുകൾ, ഉൽപാദനവും ഉപഭോഗവും സംബന്ധിച്ച പെരുമാറ്റച്ചട്ടങ്ങൾ മുതലായവയാണ് തത്ത്വങ്ങൾ കൊണ്ട് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്.

3. സാമ്പത്തിക ഉപകരണങ്ങൾ (Economic instruments): സാമ്പത്തികതത്ത്വങ്ങളെ പ്രയോഗവത്കരിക്കാൻ സമൂഹം നടപ്പാക്കുന്ന നയങ്ങളും നിയമങ്ങളും നടപടികളുമാണ് ഇതുകൊണ്ടുദ്ദേശ്യം.

പ്രസ്തുത മൂന്നു ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഖുർആൻ ലക്ഷ്യംവയ്ക്കുന്ന സമ്പദ്വ്യവസ്ഥയെ പരിചയപ്പെടുത്താനുള്ള ശ്രമമാണ് ഈ ലേഖനത്തിൽ നടത്തിയിരിക്കുന്നത്.

ഇസ്ലാമിന്റെ സാമ്പത്തികദർശനം ഇസ്ലാമിക വ്യവസ്ഥിതിയുടെ മൊത്തത്തിലുള്ള ദർശനവുമായി അഭേദ്യബന്ധം പുലർത്തുന്നു. പ്രപഞ്ചത്തിന്റെ ഉടമ അല്ലാഹുവാണെന്നാണ് ആ ദർശനത്തിന്റെ ആധാരം. സമൂഹത്തിലെ എല്ലാ വിഭവങ്ങളുടെയും ഉൽപാദനോപകരണങ്ങളുടെയും എന്നുവേണ്ട സമസ്ത സമ്പത്തിന്റെയും പരമമായ ഉടമസ്ഥത അല്ലാഹുവിൽ നിക്ഷിപ്തമാണ്. അല്ലാഹുവിന്റെ പ്രതിനിധി എന്ന സ്ഥാനം നൽകിയിട്ടുള്ള മനുഷ്യന് സമ്പത്തിന്റെ കൈകാര്യാവകാശം മാത്രമേ നൽകിയിട്ടുള്ളൂ. ഒരു ട്രസ്റ്റിയുടെ പങ്ക് മാത്രമാണ് അവന് നിർവഹിക്കാനുള്ളത്. മുതലാളിത്ത വ്യവസ്ഥയിൽ വ്യക്തികൾ അനുഭവിക്കുന്ന പരമമായ ഉടമസ്ഥാവകാശത്തിൽനിന്നും സോഷ്യലിസ്റ്റ് സമൂഹത്തിൽ തൊഴിലാളിവർഗത്തിനുണ്ടെന്ന് പറയപ്പെടുന്ന ഉടമസ്ഥാവകാശത്തിൽനിന്നും വ്യത്യസ്തമാണ്



cmyk

ഇസ്ലാമിലെ ഉടമസ്ഥാവകാശം. ദൈവത്തിന്റെ പരമമായ ഉടമസ്ഥതയും മനുഷ്യരുടെ പരിമിതമായ ഉടമാവകാശവുമാണ് ഇസ്ലാമികദർശനത്തിന്റെ കാതൽ. ഇസ്ലാമികദർശനത്തിന്റെ മറ്റൊരു വശം മനുഷ്യരെല്ലാം ഏകദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ സന്താനങ്ങളുമാണെന്ന ആശയമാണ്. അതിനാൽ വർഗത്തിന്റെയും വർണത്തിന്റെയും കുടുംബത്തിന്റെയും അടിസ്ഥാനത്തിൽ മനുഷ്യർക്കിടയിൽ വ്യത്യാസം കൽപിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. ഇസ്ലാമികസമൂഹത്തിലെ വ്യക്തികൾക്ക് സാമ്പത്തികസംരംഭങ്ങൾ തുടങ്ങുന്നതിനും മുതൽമുടക്കുന്നതിനും തൊഴിലെടുക്കുന്നതിനും വിദ്യാഭ്യാസത്തിനും തുല്യാവസരങ്ങളുണ്ടായിരിക്കും. ഖുർആനികദർശനത്തിന്റെ കാതലായ മറ്റൊരു വശം പരലോകത്തെ രക്ഷാശിക്ഷകളിലുള്ള വിശ്വാസമാണ്. സാമ്പത്തികവ്യവഹാരങ്ങളിലും സംരംഭങ്ങളിലും ഏർപ്പെടുന്നവർ തങ്ങളുടെ തീരുമാനമെടുക്കേണ്ടത് ഇഹലോകത്ത് ലഭിക്കാവുന്ന ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല, അതിനേക്കാൾ പ്രധാനമായി, പരലോകത്ത് വന്നുചേരുന്ന ലാഭനഷ്ടങ്ങൾ കണക്കിലെടുത്തുകൊണ്ടാകണം. ഈ വസ്തുത വ്യക്തികളും സമൂഹവും തെരഞ്ഞെടുക്കുന്ന നിക്ഷേപമേഖലകളെയും ഉൽപാദനരീതികളെയും സാരമായി ബാധിക്കുമല്ലോ.



സാമ്പത്തികദർശനത്തിന്റെ അടിസ്ഥാനത്തിൽ സമ്പത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് ചില പൊതുതത്ത്വങ്ങൾ ഇസ്ലാം ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രഥമവും പ്രധാനവുമായത് ഉടമസ്ഥതയുമായി ബന്ധപ്പെട്ട തത്ത്വങ്ങളാണ്. അല്ലാഹുവിന്റെ പരമമായ ഉടമസ്ഥതയ്ക്കു വിധേയമായി മനുഷ്യനനുവദിച്ച പരിമിതമായ ഉടമാവകാശം സമ്പത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഒന്നാമത്തെ തത്ത്വം. ഉടമസ്ഥതയിലിരിക്കുന്ന വസ്തു ഉദ്ദിഷ്ടലക്ഷ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന കാലത്തോളമേ ഈ ഉടമസ്ഥത നിലനിൽക്കൂ. മറ്റൊരു തത്ത്വം വ്യക്തി ജീവിച്ചിരിക്കുന്ന കാലത്ത് മാത്രമേ നിലനിൽക്കൂ എന്നതാണ്. തന്റെ സ്വത്ത് മരണാനന്തരം വിതരണം ചെയ്യുന്നതിന് മരണപത്രം തയാറാക്കാനുള്ള അധികാരം മാത്രമേ വ്യക്തിക്കുള്ളൂ. അതു തന്നെയും ഖുർആനും നബിചര്യയും നിഷ്കർഷിക്കുന്ന നിബന്ധനകൾക്കു വിധേയമാകേണ്ടതുണ്ട്. ചില വസ്തുക്കൾ വ്യക്തികൾ കൈവശം വയ്ക്കുന്നത് ഇസ്ലാം നിരോധിച്ചിട്ടുണ്ട്. മിക്ക പ്രകൃതിവിഭവങ്ങളും ഈ ഇനത്തിൽപെടുന്നു. 'വെള്ളം, പുല്ല്, തീ എന്നിവയിൽ മനുഷ്യർ സമന്മാരാണ്' എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ വനവിഭവങ്ങളും മേച്ചിൽസ്ഥലങ്ങളും ജലവിഭവങ്ങളും പൊതു ഉടമസ്ഥതയിൽ കൊണ്ടുവരണമെന്ന് ആദ്യകാലപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഹദീസിന്റെ ചുവടു പിടിച്ച് പ്രകൃതിവിഭവങ്ങളെല്ലാം സ്റ്റേറ്റ് ഉടമയിലായിരിക്കണമെന്ന് ഒരു വിഭാഗം ഇസ്ലാമികകർമശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

**സമ്പത്തിന്റെ സമമായ വിതരണമല്ല, അതിന്റെ നീതിയുക്തമായ വിതരണമാണ് ഇസ്ലാം അഭികാമ്യമായി കരുതുന്നത്. മനുഷ്യപ്രകൃതിയുമായി കൂടുതൽ പൊരുത്തപ്പെട്ടു പോകുന്നതും ഇതുതന്നെ**

സന്തുലിതത്വവുമായി ബന്ധപ്പെട്ടതാണ് മറ്റൊരു തത്ത്വം. ജീവിതത്തിന്റെ സമസ്തമേഖലകളിലും മിതത്വം പാലിക്കാൻ മുസ്ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. മുസ്ലിംസമുദായത്തെ ഖുർആൻ വിശേഷിപ്പിച്ചത് മധ്യമസമുദായമായിട്ടാണ്. ഇടതുപക്ഷത്തിന്റെ അങ്ങേയറ്റത്തേക്കും വലതുപക്ഷത്തിന്റെ ഇങ്ങേയറ്റത്തേക്കും നീങ്ങാതെ അവയ്ക്കിടയിലുള്ള ഒരു 'ഗോൾഡൻ മീൻ' അവലംബിക്കുന്ന സമുദായമെന്നർഥം. ലുബ്ധും ധൂർത്തും ഒന്നുപോലെ അഭിശപ്തമാണ്. ഈ മിതത്വം സ്വകാര്യ ഉടമസ്ഥതയ്ക്കും കൂട്ടുടമസ്ഥതയ്ക്കുമിടയിലും വ്യക്തിക്കനുവദിച്ച സ്വാതന്ത്ര്യത്തിലും അവന്റെ മേൽ ചുമത്തിയ വിലക്കുകൾക്കിടയിലും ദർശിക്കാവുന്നതാണ്. സ്വകാര്യ ഉടമസ്ഥത അനുവദിച്ചതോടൊപ്പംതന്നെ ചില മേഖലകളിലെ ഉടമസ്ഥത സ്റ്റേറ്റിനു മാത്രമായി നിശ്ചയിച്ചു. വിശാലമായ മേഖലകളിൽ നിക്ഷേപിക്കാനുള്ള അവസരങ്ങൾ വ്യക്തിക്ക് നൽകുന്നതോടൊപ്പം ചില മേഖലകളിലെ നിക്ഷേപം നിഷിദ്ധമാക്കി. ഉദാ: കള്ള് വ്യവസായം, വ്യഭിചാരം, ചൂതാട്ടം, പലിശ, ഊഹക്കച്ചവടം എന്നിവ. വരുമാനവിതരണത്തിലെ അസമത്വങ്ങൾ കുറക്കാൻ ഇസ്ലാം ആവിഷ്കരിച്ച ഒരു തത്ത്വമാണ് ധനികന്റെ സമ്പത്തിൽ പാവപ്പെട്ടവർക്ക് നിശ്ചയിച്ച അവകാശം. ഇസ്ലാമിന്റെ സാങ്കേതികഭാഷയിൽ സകാത്ത് എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. വ്യക്തിയുടെയും സമൂഹത്തിന്റെയും ഇടയ്ക്കുള്ള സന്തുലിതത്വം നഷ്ടപ്പെട്ടാൽ കൃത്രിമമാർഗങ്ങളുപയോഗിച്ചു പോലും സന്തുലിതത്വം വീണ്ടെടുക്കാനുള്ള ബാധ്യത ഇസ്ലാം ഭരണകൂടത്തിൽ ചുമത്തിയിരിക്കുന്നു. ആവശ്യമാണെങ്കിൽ ദേശസാൽക്കരണം പോലുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്. മറ്റൊരു സാമ്പത്തികതത്ത്വം നീതിയുമായി ബന്ധപ്പെട്ടതാണ്. ദൈവം, വിജ്ഞാനം എന്നിവയ്ക്കു ശേഷം ഖുർആനിൽ ഏറ്റവുമധികം ആവർത്തിക്കപ്പെട്ടിരിക്കുന്നത് നീതി എന്ന ആശയമാണ്; ആയിരത്തിലധികം തവണ. ശത്രുക്കളോടു പോലും നീതിപൂർവം വർത്തിക്കണമെന്നാണ് ഖുർആന്റെ ശാസന. ക്രയവിക്രയങ്ങളിലും കൊള്ളക്കൊടുക്കകളിലും തൊഴിലാളി-മുതലാളിബന്ധങ്ങളിലും വ്യക്തിയും സ്റ്റേറ്റും തമ്മിലുള്ള ബന്ധങ്ങളിലും

ഉൽപാദനവും വിതരണവുമായി ബന്ധപ്പെട്ട രംഗങ്ങളിലുമെല്ലാം മനുഷ്യർ ബന്ധപ്പെടുന്നത് നീതിയുടെ അടിസ്ഥാനത്തിലായിരിക്കണം.

പ്രസക്തമായ മറ്റു ചില തത്ത്വങ്ങൾ കൂടി ശ്രദ്ധിക്കുക: സമ്പത്തിന്റെ സമമായ വിതരണമല്ല, അതിന്റെ നീതിയുക്തമായ വിതരണമാണ് ഇസ്‌ലാം അഭികാമ്യമായി കരുതുന്നത് (Not equal distribution but equitable distribution). മനുഷ്യപ്രകൃതിയുമായി കൂടുതൽ പൊരുത്തപ്പെട്ടുപോകുന്നതും ഇതുതന്നെ. മറ്റൊരു തത്ത്വം സാധനസേവനങ്ങളുടെ വിൽപനശേഷി(Saleability)യോ ചോദന(Demand)മോ അല്ല, സാമൂഹികാവശ്യകത(Social need)യും ദൈവികാനുവദനീയതയുമാണ് അവയുടെ ഉൽപാദനത്തെ നിർണയിക്കേണ്ടത്.

സാമ്പത്തികതത്ത്വങ്ങളുടെ പ്രയോഗവത്കരണാർഥം സമൂഹം ആവിഷ്കരിക്കുന്ന പ്രായോഗികപദ്ധതികളാണല്ലോ സമ്പദ്‌വ്യവസ്ഥയുടെ മൂന്നാമത്തെ ഘടകം. ഇവ പ്രധാനമായും ഉൽപാദന, ഉപഭോഗ, വിതരണരംഗങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഉൽപാദനവസ്തുക്കളുടെയും നിക്ഷേപമേഖലകളുടെയും തെരഞ്ഞെടുപ്പിൽ ഇസ്‌ലാം വ്യക്തമായ ചില അതിർവരമ്പുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. മൊത്തത്തിൽ, വ്യക്തികൾക്ക് തങ്ങൾ ആഗ്രഹിക്കുന്ന ഏത് സംരംഭത്തിലും മുതൽമുടക്കാമെങ്കിലും, തന്റെ അഭിരുചിയും കഴിവുമനുസരിച്ച് ഏത് തൊഴിലും ചെയ്യാമെങ്കിലും ചില മേഖലകളിലേക്കുള്ള പ്രവേശം കർക്കശമായി നിരോധിച്ചിരിക്കുന്നു. ഉദാഹരണം കള്ള് വ്യവസായം, ഷോഡതി, സാട്ടക്കച്ചവടം. ഈ വിലക്ക് സ്റ്റേറ്റിനും ബാധകമാണ്. ഉൽപാദനവിഭവങ്ങൾ ഉദ്ദിഷ്ടലക്ഷ്യങ്ങൾക്ക് ഉപയോഗിക്കാതെ ഇടുന്നവരിൽനിന്ന് അവ ഒരു നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേറ്റ് പിടിച്ചെടുക്കുന്നതാണ്. ഉൽപാദനവിഭവങ്ങളിൽ എക്കാലത്തും പരമപ്രാധാന്യമുള്ള ഭൂമിയുടെ കാര്യം പറഞ്ഞാൽ കൃഷിഭൂമി തരിശായിട്ടവരിൽനിന്ന് മൂന്നു വർഷത്തെ അവധിക്കുശേഷം സ്റ്റേറ്റ് പിടിച്ചെടുക്കുന്നതും കൃഷിചെയ്യാൻ തയാറുള്ളവർക്ക് വിതരണം ചെയ്യുന്നതുമാണ്. വ്യക്തികൾക്ക് അവരാഗ്രഹിക്കുന്ന തോതിലും അളവിലും ഉപഭോഗിക്കാനുള്ള മൗലികസ്വാതന്ത്ര്യം പൊതുവിൽ നൽകപ്പെട്ടിട്ടുണ്ടെങ്കിലും വ്യക്തികളുടെ ആരോഗ്യവും സാമൂഹികഭദ്രതയും സമൂഹത്തിന്റെ ധാർമികനിലവാരവും കണക്കിലെടുത്ത് ഉപഭോഗത്തിന്റെ കാര്യത്തിലും ചില കർശനവിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മദ്യം, പന്നിമാംസം, ശവം, രക്തം എന്നിവ ഭുജിക്കുന്നതിലും അത്യാഡംബരവസ്തുക്കൾ -വെള്ളിയുടെയും സ്വർണത്തിന്റെയും പാത്രങ്ങൾ, പട്ടുവസ്ത്രങ്ങൾ തുടങ്ങിയവ- ഉപയോഗിക്കുന്നതിലും ഏർപ്പെടുത്തിയ വിലക്കുകൾ ഈ കൂട്ടത്തിൽപെടുന്നു.

സാമൂഹികനീതിയുടെ വിശാലമായ തത്ത്വങ്ങൾ പ്രയോഗവത്കരിക്കുന്നതിനുവേണ്ടി ഇസ്‌ലാമികസമൂഹം ഏർപ്പെടുത്തുന്ന ഒരു സ്ഥിരം സംവിധാനമാണ് സകാത്ത്. സമ്പന്നരിൽനിന്ന് നിശ്ചിത അനുപാതത്തിലുള്ള ധനം കൊല്ലംതോറും സംഘടിതമായി പിരിച്ചെടുത്ത് സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കിടയിൽ പണമായോ ഉൽപാദനോപകരണങ്ങളായോ സംഘടിതാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണ് സകാത്ത്. സാമൂഹികനീതിയുടെ താൽപര്യങ്ങളും സാമൂഹികാവശ്യങ്ങളും നിറവേറ്റാൻ സകാത്ത് പോരാതെവരികയാണെങ്കിൽ ഇതരമാർഗങ്ങൾ അവലംബിക്കേണ്ടതാണ്. ഉദാഹരണം: നികുതികൾ, പൊതുകടമെടുപ്പ്, വേതനവരുമാനനയങ്ങൾ, ദേശസാൽക്കരണം മുതലായവ. സാമ്പത്തികാസമത്വം കുറക്കുന്നതിനു വേണ്ടി ഇസ്‌ലാം ഏർപ്പെടുത്തിയ മറ്റൊരു സംവിധാനമാണ് ദായക്രമം. ഒരു വ്യക്തിയുടെ സ്വത്ത് അയാളുടെ മരണശേഷം അദ്ദേഹത്തിന്റെ അനന്തരാവകാശികളിലും മറ്റുമായി ചില നിശ്ചിത അനുപാതങ്ങളിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്. സാമ്പത്തികവ്യവഹാരങ്ങളിലുടനീളം നീതിയുടെ തത്ത്വങ്ങൾ പാലിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടെ കർശനമായ മറ്റു ചില നടപടികളും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. വസ്തുക്കളിൽ മായം ചേർക്കൽ, കൊള്ളലാഭമെടുക്കൽ, അവാസ്തവ പരസ്യങ്ങൾ, പൂഴ്ത്തിവയ്പ് എന്നിവയെല്ലാം നിഷിദ്ധവും ശിക്ഷാർഹവുമാക്കിയിരിക്കുന്നു.

ഖുർആനിക സമ്പദ്‌വ്യവസ്ഥയുടെ ഘടനയെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ വിശകലനം ചെയ്ത സ്ഥിതിക്ക്, ആ വ്യവസ്ഥയുടെ കാര്യക്ഷമതയെപ്പറ്റി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഒരു സമ്പദ്‌വ്യവസ്ഥയെ വിലയിരുത്തേണ്ടത് പ്രധാനമായും രണ്ടു കാര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം: 1) അത് ഉൽപാദനവർധനവിന് എത്രമാത്രം സാധ്യത നൽകുന്നു? നാട്ടിലെ വൈവിധ്യമാർന്ന ഉൽപന്നങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ അതിന് കഴിയുന്നുണ്ടോ? 2) ഉൽപാദിപ്പിക്കപ്പെടുന്ന സമ്പത്ത് ചിലരിൽമാത്രം കേന്ദ്രീകരിക്കപ്പെടാതെ, എല്ലാ വിഭാഗം ജനങ്ങളുടെയും അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാൻ പര്യാപ്തമായ വിധത്തിൽ വിതരണം ചെയ്യപ്പെടാനുള്ള സംവിധാനം ആ വ്യവസ്ഥയിൽ ഉണ്ടോ? മറ്റു വാക്കുകളിൽ പറഞ്ഞാൽ വിതരണനീതി(Distributive justice)യുടെ വശം ഇസ്‌ലാം പരിഗണിച്ചിട്ടുണ്ടോ?

## ഉൽപാദനവർധനവ്

ഉൽപാദനത്തിന്റെ തുടക്കം നിക്ഷേപത്തിൽനിന്നാണല്ലോ. വ്യക്തികൾക്ക് നിക്ഷേപത്തിനായി വിശാലമായ മേഖലകൾ ഇസ്‌ലാം തുറന്നുകൊടുക്കുന്നു; ഏതാണ്ട് മുതലാളിത്തത്തെപ്പോലെത്തന്നെ. പ്രത്യുൽപാദനമേഖലകളിൽ നിക്ഷേപത്തിന് വിശാലമായ അവസരങ്ങൾ താത്ത്വികമായി തുറന്നുകൊടുക്കുക മാത്രമല്ല, ഇവയിൽ മുതൽമുടക്ക് യഥാർഥമായും നടക്കണമെന്ന ഉദ്ദേശ്യത്തോടെ ചില സാമ്പത്തികസംവിധാനങ്ങളും ഇസ്‌ലാം ഏർപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമാണ് പലിശയുടെ നിരോധനം. സാമ്പത്തികശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പഠിച്ചവർക്കറിയാം, മൂലധനനിക്ഷേപം പ്രധാനമായും രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്ന്. ഒന്ന്, ഉദ്ദിഷ്ടനിക്ഷേപത്തിൽനിന്ന് പ്രതീക്ഷിക്കുന്ന ലാഭനിരക്ക്. രണ്ട്, നിലവിലിരിക്കുന്ന പലിശനിരക്ക്. ലാഭനിരക്ക് പലിശനിരക്കിനേക്കാൾ കൂടിയാൽ മാത്രമേ നിക്ഷേപം നടക്കുകയുള്ളൂ. ഒരു സമൂഹത്തിൽ പലിശ നിലനിൽക്കുന്നുവെന്നതിന്റെ ഫലം ഉൽപാദനസംരംഭങ്ങളിലെ മുതൽമുടക്ക് പലിശനിരക്കിനോടൊപ്പമോ അതിൽ കൂടുതലോ ലാഭം കിട്ടുന്ന മേഖലകളിലായി പരിമിതപ്പെടുത്തുന്നുവെന്നതാണ്. ആ നിലയ്ക്ക് പലിശയില്ലാത്ത ഒരു സമൂഹത്തിൽ കൂടുതൽ ഉൽപാദനമേഖലകളിലേക്ക് നിക്ഷേപം ഒഴുകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത് സൂചിപ്പിക്കുന്നത് പലിശാധിഷ്ഠിത മുതലാളിത്തവ്യവസ്ഥിതിയെ അപേക്ഷിച്ച് ഉൽപാദനമേഖലകളിലെ നിക്ഷേപങ്ങൾ കൂടുതലായി നടക്കുക ഇസ്‌ലാമികവ്യവസ്ഥയിൽ ആയിരിക്കുമെന്നാണ്. പക്ഷേ, മൂലധനനിക്ഷേപം ലാഭകരമാണെങ്കിലും ആ രംഗത്തേക്ക് പണം ഒഴുകണമെന്നില്ല. നിക്ഷേപകർക്ക് അതിന്റെ ഫലങ്ങൾ അനുഭവിക്കാനുള്ള മതിയായ പ്രേരകങ്ങൾ ലഭിച്ചെങ്കിലേ ഉൽപാദനമേഖലകളിൽ മുതൽമുടക്ക് നടക്കൂ. സോഷ്യലിസ്റ്റ്‌വ്യവ

**ഖുർആനികവീക്ഷണപ്രകാരം ധനം ചുരുക്കം ചിലരിൽ മാത്രം കേന്ദ്രീകരിക്കപ്പെടേണ്ടതല്ല. പ്രത്യുത, സമൂഹത്തിലെ മുഴുവൻ ജനങ്ങൾക്കിടയിലും വിതരണം ചെയ്യപ്പെടേണ്ടതാണ്.**

സ്ഥയെ അപേക്ഷിച്ച് മുതലാളിത്തവ്യവസ്ഥയ്ക്കുള്ള മേന്മ അത് സാമ്പത്തികസംരംഭകർക്ക് നൽകുന്ന പ്രേരകങ്ങളുടെ കാര്യത്തിലാണ്. ചില നിബന്ധനകൾക്കു വിധേയമായി മുതലാളിത്തവ്യവസ്ഥ നൽകുന്ന പ്രേരകങ്ങൾ ഇസ്‌ലാമും നൽകുന്നുണ്ട്. ലാഭേഛയാണ് മുതലാളിത്ത വ്യവസ്ഥയിലെ പ്രധാന പ്രേരകശക്തി. ഇസ്‌ലാം സ്വകാര്യഉടമാവകാശം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതിലൂടെ ലാഭേഛ ഒരു യാഥാർഥ്യമായും ഒരുപരിധി വരെ അഭിലഷണീയമായും അംഗീകരിച്ചിരിക്കുന്നു. ഈ പ്രേരകം പറ്റേ എടുത്തുകളഞ്ഞാൽ സാമ്പത്തികോൽപാദനത്തെ അതെത്ര മാത്രം ബാധിക്കുമെന്നതിന് സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ ഇന്നുവരെയുള്ള അനുഭവങ്ങൾ ധാരാളം മതി. കാർഷികരംഗത്ത് സോവിയറ്റ് റഷ്യക്ക് ഏറ്റ പരാജയത്തിന്റെ മുഖ്യഹേതു ഈ പ്രേരകം നഷ്ടപ്പെട്ടതായിരുന്നു. വ്യവസായത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. സാർവത്രികമായ ദേശസാൽക്കരണത്തെത്തുടർന്ന് വിപ്ലവാനന്തരം വ്യവസായസ്ഥാപനങ്ങളുടെ കാര്യക്ഷമത റഷ്യയിൽ കാര്യമായി കുറഞ്ഞു. ഇതിനു പരിഹാരമായി ലിബർമാൻ എന്ന സാമ്പത്തിക വിദഗ്ധൻ നിർദേശിച്ചത് ഉൽപാദനത്തിൽ ലാഭം ഒരു പ്രധാനഘടകമാക്കണമെന്നും സാധനങ്ങളുടെ വിലനിർണയം കമ്പോള സംവിധാനത്തിന് വിടണമെന്നും ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മാനേജർമാർക്കും പ്രത്യേക പ്രേരകങ്ങൾ അനുവദിക്കണമെന്നുമായിരുന്നു. ഉൽപാദനവും ഉൽപാദനക്ഷമതയും കൂട്ടുന്നതിൽ ലാഭേഛയ്ക്ക് വഹിക്കാനുള്ള വമ്പിച്ച പങ്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, പിൽക്കാലത്ത് സോഷ്യലിസ്റ്റ് രാജ്യങ്ങൾ വ്യാപകമായ സ്വകാര്യവത്കരണം നടപ്പാക്കിയത്. ഉൽപാദനക്ഷമമായ മുതൽമുടക്കും തുടർച്ചയായ സാമ്പത്തിക വളർച്ചയും ഉറപ്പാക്കുന്നതിനുവേണ്ടി മറ്റു വ്യവസ്ഥകളിൽ കണ്ടെത്താൻ കഴിയാത്ത ചില നിയമനടപടികളും (Legislative measures) ഇസ്‌ലാം ആവിഷ്കരിച്ചിട്ടുണ്ട്. ഊഹക്കച്ചവടത്തിന്മേൽ ഏർപ്പെടുത്തിയ നിരോധനവും അലസമായി കിടക്കുന്ന പണം (Idle cash balances), സ്വർണം, വെള്ളി എന്നിവയുടെ ശേഖരത്തിന്മേൽ ചുമത്തിയ വാർഷികനികുതിയും (മൂല്യത്തിന്റെ രണ്ടര ശതമാനം) ഇതിനുദാഹരണമാണ്. സമ്പദ്ഘടനയുടെ തുടർച്ചയായ വളർച്ചയ്ക്ക് വിഘാതമായിനിൽക്കുന്ന ചോദനത്തിന്റെ കുറവും ഇസ്‌ലാം പരിഗണിച്ചതായി കാണാം. സ്വകാര്യമേഖല ആധിപത്യം പുലർത്തുന്ന, സാമ്പത്തികാസമത്വങ്ങൾ ഭീമമായ തോതിൽ നിലനിൽക്കുന്ന സമൂഹങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെ ക്രയശേഷി(Purchasing power)യുടെ കുറവ് മൂലമുണ്ടാകുന്ന ചോദനത്തിന്റെ അപര്യാപ്തത വ്യാപകമായ സാമ്പത്തികമാന്ദ്യത്തിന് കാരണമാകാറുണ്ട്. മാർക്സിന്റെ അഭിപ്രായത്തിൽ, ക്രയശേഷിയിലുണ്ടാകുന്ന തുടർച്ചയായ ഇടിവുമൂലം രാജ്യത്തിന്റെ മൊത്ത ഉപഭോഗം പടിപടിയായി കുറഞ്ഞുപോകുന്നതാണ് മുതലാളിത്തവ്യവസ്ഥയുടെ തകർച്ചയിലേക്ക് നയിക്കുന്ന മുഖ്യകാരണങ്ങളിലൊന്ന്. ബഹുഭൂരിപക്ഷത്തിന്റെ ക്രയശേഷിയില്ലായ്മ മൂലം സംജാതമാകാൻ സാധ്യതയുള്ള ചോദനക്കുറവിനെതിരെയുള്ള ഒരു മറുമരുന്നാണ് ഇസ്‌ലാമിലെ സകാത്ത്‌സംവിധാനം. സകാത്ത് നടപ്പാക്കുന്നതുമൂലം, ദേശീയവരുമാനത്തിന്റെ ഗണ്യമായൊരു ഭാഗം, ഓരോ വർഷവും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കിടയിൽ പുനർവിതരണം ചെയ്യപ്പെടുന്നു.

**ഒരു സമൂഹത്തിൽ പലിശ നിലനിൽക്കുന്നുവെന്നതിന്റെ ഫലം ഉൽപാദനസംരംഭങ്ങളിലെ മുതൽമുടക്ക് പലിശനിരക്കിനോടൊപ്പമോ അതിൽ കൂടുതലോ ലാഭം കിട്ടുന്ന മേഖലകളിലായി പരിമിതപ്പെടുത്തുന്നുവെന്നതാണ്. ആ നിലയ്ക്ക് പലിശയില്ലാത്ത ഒരു സമൂഹത്തിൽ കൂടുതൽ ഉൽപാദനമേഖലകളിലേക്ക് നിക്ഷേപം ഒഴുകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ**

മേൽപറഞ്ഞ നിയമനടപടികളും സംവിധാനങ്ങളും മാത്രമല്ല, ഉൽപാദനവർധനവിനുവേണ്ടി ഇസ്‌ലാം അവലംബിക്കുന്നത്. നിയമങ്ങളും ഭരണസംവിധാനങ്ങളും ചിലപ്പോഴെങ്കിലും പരാജയപ്പെടുന്ന വസ്തുത പരിഗണിച്ച് ലക്ഷ്യസാക്ഷാത്കാരത്തിനുവേണ്ടി ധാർമികോപദേശങ്ങളും വ്യക്തിസംസ്കരണവും ഉൾക്കൊള്ളുന്ന നൈതികമാർഗങ്ങളും ഇസ്‌ലാം അവലംബിക്കുന്നു. ഭൗതികവ്യവസ്ഥകളിൽ ഈ മാർഗത്തിന് പറയത്തക്ക പ്രസക്തിയില്ല. ഉൽപാദനവർധനവിന് ഇസ്‌ലാം നൽകുന്ന ആദർശപരമായ പ്രോത്സാഹനം മനസ്സിലാക്കുന്നതിന് താഴെ പറയുന്ന പ്രവാചകവചനങ്ങൾ ശ്രദ്ധിക്കുക: 'ആരെങ്കിലും ഒരു ചെടിയോ വിത്തോ കണ്ടെത്തിയാൽ അവനത് നടേണ്ടതാണ്, ലോകാവസാനനാളായിരുന്നാൽ പോലും.' മറ്റൊരു പ്രവാചകവചനം ഇങ്ങനെ: 'ഒരാൾ എന്തെങ്കിലും കൃഷി ചെയ്തു. അതിന്റെ ഫലങ്ങൾ മറ്റു മനുഷ്യനോ മൃഗങ്ങളോ പക്ഷികളോ തിന്നുകളഞ്ഞു. എങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം അതൊരു ധർമമായി അല്ലാഹു രേഖപ്പെടുത്തുന്നതാണ്.' പ്രസിദ്ധ ഇസ്‌ലാമികസമ്പദ്ശാസ്ത്രജ്ഞനും പ്രശസ്ത ധനശാസ്ത്ര ഗ്രന്ഥമായ *ഇഖ്തിസാദുനാ*യുടെ കർത്താവുമായ മുഹമ്മദ് ബാഖിർ സ്വദ്റിന്റെ അഭിപ്രായത്തിൽ ഈ ദുൻയാവിലെ സമസ്ത വിഭവങ്ങളെയും മനുഷ്യന് പ്രയോജനപ്പെടുന്ന തരത്തിൽ ഉപയോഗപ്പെടുത്തുക എന്നത് മുസ്‌ലിംസമൂഹത്തിന്റെ ആദർശപരമായ ദൗത്യത്തിൽപെട്ടതാണ്. സ്ഥിരോത്സാഹത്തെയും കഠിനാധ്വാനത്തെയും പ്രോത്സാഹിപ്പിച്ചുകൊണ്ടും അലസത, അലംഭാവം, നിരുത്തരവാദിത്വം എന്നിവയെ നിരുത്സാഹപ്പെടുത്തിക്കൊണ്ടുമുള്ള ഉദ്ബോധനങ്ങൾ ഖുർആനിലും ഹദീസിലും ധാരാളം കാണാം.

## വിതരണനീതി

ഒരു സമ്പദ്ഘടനയിൽ ഉൽപാദനവർധനവിനുള്ള ശേഷി എത്രയുണ്ടെങ്കിലും ഉൽപാദനവർധനവ് മതിയായ തോതിൽ നടക്കുന്നുണ്ടെങ്കിലും സാമ്പത്തികവളർച്ചയുടെ സൽഫലങ്ങൾ എല്ലാവർക്കും ലഭിച്ചുകൊള്ളണമെന്നില്ല. പല രാജ്യങ്ങളിലെയും ഇന്നുവരെയുള്ള അനുഭവങ്ങൾ തെളിയിക്കുന്നത് സാമ്പത്തികവളർച്ചയോടൊപ്പംതന്നെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കൂടിവരുന്നു എന്നതാണ്. ഉൽപാദിപ്പിക്കപ്പെടുന്ന സമ്പത്ത് നീതിയുക്തമായി വിതരണം ചെയ്യാനുള്ള സംവിധാനങ്ങളുടെ അഭാവമോ പോരായ്മയോ ആണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. വളർച്ചയും സാമൂഹികനീതിയും തമ്മിൽ ഉണ്ടാകാൻ സാധ്യതയുള്ള വൈരുധ്യത്തെ സംബന്ധിച്ച് ഈ അടുത്ത കാലത്ത് മാത്രമാണ് നമ്മുടെ സമ്പദ്ശാസ്ത്രജ്ഞർ ബോധവാന്മാരായത്. മാത്രമല്ല, സാമ്പത്തികശാസ്ത്രചർച്ചകളിൽ വിതരണപ്രശ്നങ്ങൾക്ക് അർഹമായ സ്ഥാനം ലഭിച്ചിരുന്നുമില്ല. ഉൽപാദനത്തിനു ശേഷമേ വിതരണത്തിന്റെ പ്രശ്നങ്ങൾ ഉത്ഭവിക്കൂ എന്ന ധാരണയിൽ ഉൽപാദനപ്രശ്നങ്ങൾക്കാണ് സമ്പദ്ശാസ്ത്രജ്ഞർ പ്രാമുഖ്യം നൽകിയത്. 1970-കളുടെ തുടക്കം മുതലാണ് വിതരണപ്രശ്നത്തിന് പ്രാധാന്യം ലഭിക്കാൻ തുടങ്ങിയത്. ഈ അടുത്ത കാലത്ത് മാത്രം സമ്പദ്ശാസ്ത്രജ്ഞരുടെ സജീവചർച്ചയ്ക്ക് വിധേയമായ വിതരണപ്രശ്നങ്ങൾ, വിശിഷ്യാ വിതര

ണനീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇസ്‌ലാം പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പരിഗണിച്ചതായികാണാം. ഖുർആനികവീക്ഷണപ്രകാരം ധനം ചുരുക്കം ചിലരിൽ മാത്രം കേന്ദ്രീകരിക്കപ്പെടേണ്ടതല്ല. പ്രത്യുത, സമൂഹത്തിലെ മുഴുവൻ ജനങ്ങൾക്കിടയിലും വിതരണം ചെയ്യപ്പെടേണ്ടതാണ്. വിതരണനീതിയുടെ താൽപര്യങ്ങൾ ഇസ്‌ലാമികദൃഷ്ട്യാ പൂർത്തീകരിക്കപ്പെടുന്നത് ഓരോരുത്തർക്കും അവരവരുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ മതിയായ ധനം ലഭിക്കുമ്പോഴാണ്. അടിസ്ഥാനാവശ്യങ്ങളായി ഇസ്‌ലാം പരിഗണിച്ചവയിൽ വസ്ത്രം, വീട്, ചികിത്സ എന്നിവ മാത്രമല്ല, സമൂഹത്തിന്റെ സാമ്പത്തികസ്ഥിതിയും സാഹചര്യങ്ങളുമനുസരിച്ച് വിറക്, യാത്ര, വിവാഹം, കടംവീട്ടൽ എന്നിവയ്ക്കുവേണ്ടിയുള്ള ചെലവുകളും ഉൾപ്പെടുന്നു. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിർവഹിച്ചുകൊടുക്കേണ്ടത് ഭരണാധികാരികളുടെ കർത്തവ്യമായാണ് പൗരാണികരും ആധുനികരുമായ പല ഇസ്‌ലാമികപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. സമ്പത്തിന്റെ വിതരണം വികേന്ദ്രീകരിക്കപ്പെടാനും അതിലൂടെ സമൂഹത്തിലെല്ലാവർക്കും സാമ്പത്തികനീതി ലഭിക്കാനും വേണ്ടി ഇസ്‌ലാം പല മാർഗങ്ങളും അവലംബിച്ചിട്ടുണ്ട്. നിക്ഷേപമാർഗങ്ങളും തൊഴിലുകളും തെരഞ്ഞെടുക്കുന്നതിൽ ഏർപ്പെടുത്തിയ വിലക്കുകൾ, അധ്വാനം കൂടാതെ നേടാവുന്ന ധനത്തിന്റെ നിരോധനം, സാമ്പത്തിക ഇടപാടുകളിൽ ചുമത്തിയ നിയന്ത്രണങ്ങൾ, ഇസ്‌ലാമികദായക്രമം, വിലനിയന്ത്രണം, റേഷനിംഗ്, സകാത്ത് എന്നിവ ഇവയിൽ ഉൾപ്പെടുന്നു. സ്ഥലപരിമിതി മൂലം ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട സകാത്തിനെപ്പറ്റി മാത്രം അൽപം വിശദീകരിക്കാം:

സാമൂഹികനീതിയുടെ എല്ലാ ലക്ഷ്യങ്ങളും ഒറ്റയടിക്ക് കൈവരിക്കുന്നതിന് ഇസ്‌ലാം നടപ്പിൽവരുത്തിയ തുല്യതയില്ലാത്ത ഒരു സംവിധാനമാണ് സകാത്ത്. സകാത്ത് എന്നത് സമ്പന്നന്റെ ഔദാര്യത്തിൽനിന്ന് പാവപ്പെട്ടവന് ലഭിക്കുന്ന ദാനധർമങ്ങളോ പാവപ്പെട്ടവൻ ധനികനിൽനിന്ന് ഓച്ഛാനിച്ചു വാങ്ങേണ്ട ഭിക്ഷയോ അല്ല. മറിച്ച്, സമ്പന്നന്റെ ധനത്തിൽ പാവപ്പെട്ടവർക്ക് ഇസ്‌ലാം നിശ്ചയിച്ച അവകാശമാണ്. ഈ അവകാശം സമ്പന്നർ സ്വമേധയാ നൽകാൻ തയാറല്ലെങ്കിൽ ഇസ്‌ലാമികഗവൺമെന്റ് ബലമായി പിടിച്ചെടുക്കുന്നതായിരിക്കും. നിശ്ചിതപരിധിക്കപ്പുറമുള്ള സ്വത്തുക്കൾക്കും വരുമാനങ്ങൾക്കും സൂക്ഷിപ്പുപണത്തിനും ചില നിശ്ചിതനിരക്കുകളിൽ സകാത്ത് നൽകേണ്ടതുണ്ട്. ഇങ്ങനെ സമൂഹത്തിലെ സമ്പന്നവ്യക്തികളിൽനിന്ന് സകാത്തിന്റെ വിഹിതം ശേഖരിച്ച് അർഹരായ വ്യക്തികളിൽ വിതരണം ചെയ്യാനുള്ള ചുമതല ഇസ്‌ലാം ഭരണകൂടത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. വ്യക്തിതലത്തിലുള്ള സകാത്ത് വിതരണം ഇസ്‌ലാമിന്റെ സ്പിരിറ്റുമായി പൊരുത്തപ്പെടുന്നതല്ല. സകാത്തിന്റെ വിതരണത്തിൽ സവിശേഷമായ ചില തത്ത്വങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്: 1) സകാത്തിനർഹരായവരുടെ ആവശ്യങ്ങളുടെ സ്വഭാവവും വലിപ്പവും അവരുടെ തൊഴിൽപരമായ അവസ്ഥയും പ്രത്യേകം പരിഗണിക്കപ്പെടണം. 2) സകാത്ത് വാങ്ങുന്നവരെ ഭാവിയിൽ സ്വയം പര്യാപ്തരാക്കുക എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. 3) പണമായോ ഭക്ഷണസാധനങ്ങളായോ തൊഴിലുപകരണങ്ങളായോ സകാത്ത് നൽകാവുന്നതാണ്. ഈ അടിസ്ഥാനത്തിൽ സകാത്തിന്റെ ഏറ്റവും അഭിലഷണീയമായ രൂപങ്ങൾ *ഫുഖഹാക്കൾ* (കർമശാസ്ത്രപണ്ഡിതന്മാർ) പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. കാർഷികവൃത്തി തൊഴിലായി സ്വീകരിച്ച ഒരാൾക്ക് സകാത്തായി നൽകേണ്ടത് സ്വയംപര്യാപ്തമായി ജീവിക്കാൻ ആവശ്യമായ കൃഷിഭൂമിയാണ്. ഡ്രൈവിംഗ് പഠിച്ച ഒരാൾക്ക് ഈ തത്ത്വപ്രകാരം നൽകേണ്ടത് കാറോ ലോറിയോ ആണ്. പച്ചക്കറി കച്ചവടം ശീലിച്ചവന് അതിനാവശ്യമായ മൂലധനവും, ആഭരണവ്യാപാരം പരിചയിച്ചവന് അതിനുവേണ്ട മൂലധനവും നൽകണം. ഒരു തൊഴിലും അറിയാത്തവന് അവനെപ്പോലെയുള്ളവർക്ക് ജീവിക്കാനാവശ്യമായ തുക നൽകേണ്ടതാണ്. നാട്ടിലെ ശരാശരി ആയുർദൈർഘ്യം കണക്കിലെടുത്തായിരിക്കണം ഈ തുക നിശ്ചയിക്കേണ്ടതെന്നും ഫുഖഹാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. സകാത്തായി നൽകുന്നത് കാലദേശവ്യത്യാസവും തൊഴിലിന്റെ സ്വഭാവവും അനുസരിച്ച് മാറുമെന്ന് മനസ്സിലാക്കാം. ഇത്രയും സമഗ്രവും പ്രായോഗികവുമായ ഒരു വിതരണസംവിധാനം അല്ലെങ്കിൽ സാമൂഹിക സുരക്ഷാപദ്ധതി (Social Security Scheme) മറ്റേതെങ്കിലും വ്യവസ്ഥയിലുണ്ടോ എന്ന് സംശയമാണ്. വാസ്തവത്തിൽ ഇസ്‌ലാമിനെ ഇതര മതങ്ങളിൽനിന്ന് മാറ്റിനിർത്തുന്ന പ്രധാന ഘടകം ഈ സകാത്ത്സംവിധാനമാണ്. ദാനധർമങ്ങളുടെ പ്രാധാന്യത്തെയും സാധുസംരക്ഷണത്തിന്റെ പുണ്യത്തെയും സംബന്ധിച്ച് ഹൈന്ദവ-ക്രൈസ്തവമതങ്ങൾ ഊന്നിപ്പറയുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള വ്യവസ്ഥാപിതമായ ഒരു പദ്ധതി അവയിലൊന്നിലുമില്ല.

ഇതുവരെ പറഞ്ഞതിൽനിന്ന് സിദ്ധിക്കുന്ന വസ്തുത, സാമ്പത്തികവളർച്ചയും വിതരണനീതിയും ഒരേസമയം ഉറപ്പുനൽകുന്ന സവിശേഷമായ ഒരു സാമ്പത്തികസംവിധാനം ഖുർആൻ സമർപ്പിച്ചിട്ടുണ്ടെന്നും അത് ആധുനികസമ്പദ്‌വ്യവസ്ഥകളേക്കാൾ പല കാര്യങ്ങളിലും മേന്മ പുലർത്തുന്നുണ്ടെന്നുമാണ്.

■

## ഉസ്മാന്റെ മുസ്ഹഫ്

**മൂന്നാം ഖലീഫ ഉസ്മാൻ(റ) പ്രമുഖ പണ്ഡിതന്മാരായ സ്വഹാബിമാരുടെ ഒരു സമിതി മുഖേന സൂക്ഷ്മമായി എഴുതിച്ച ഖുർആന്റെ ആറു പകർപ്പുകളിൽ ഒന്ന് താഷ്കന്റിലെ ഉസ്ബെക് ചരിത്രമ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു.**



## ഖുർആനിൽ

**ആകെ ഭാഗങ്ങൾ = 30**
**അധ്യായങ്ങൾ -114**
**ഖണ്ഡികകൾ 540**
**സൂക്തങ്ങൾ 6,236**
**വാക്കുകൾ 77,934**
**അക്ഷരങ്ങൾ 3,23,671**